മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇവിടെ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് കേരള സംസ്ഥാന മലിനജല നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവർ കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരത്തോടുകൂടി ജലം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 1980-ൽ അതിന് കല്പന കൊടുത്തിരുന്നതാണ്. 1985 ഡിസംബറിൽ അതിന്റെ പണി പൂർത്തിയാക്കേണ്ടതായിരുന്നു. ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ട് കൃത്യ സമയത്ത് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും ശുദ്ധീകരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാനും ബോർഡിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

10. ചെറുകുന്ന് പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം

ശ്രീമതി പി. ദേവകി : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചെറുകുന്ന് പഞ്ചായത്ത് മുഴുവനും ഉപ്പു വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ദ്വീപാണ്. അവിടെ ശുദ്ധജലം കിട്ടാൻ വളരെയേറെ പ്രയാസമാണ്. എന്നാൽ ഈ കഴിഞ്ഞ വരൾച്ചക്കാലത്ത് സാമൂഹ്യ പ്രവർത്തകരും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും പഞ്ചായത്തും ഒത്തുചേർന്നുകൊണ്ട് ജനങ്ങൾക്ക് ശുദ്ധജലം കൊടുക്കുന്നതിനുള്ള, ശുദ്ധജലം കിട്ടുന്ന സ്ഥലം പരിശോധിക്കുകയും, പഞ്ചായത്തിന്റെ സർവ്വേനമ്പർ 350/6 ഭൂമിയിൽ 7 മീറ്റർ ചുറ്റളവിൽ ഒരു വലിയ കിണർ കുഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ കിണറിന് പമ്പ് ഹൗസ്, ടാങ്ക് മുതലായവ സ്ഥാപിച്ചാൽ ആ പ്രദേശങ്ങളിലുള്ള ആറാളം പ്രദേശങ്ങളിൽ ശുദ്ധജലം കൊടുക്കാനുള്ള കഴിവ് ഈ കിണറിനുണ്ട്. അതുകൊണ്ട് ഈ കിണർ ഗവൺമെന്റ് ഏറ്റെടുക്കുകയും, പമ്പ് ഹൗസ് അടക്കം ഉണ്ടാക്കി ശുദ്ധജലം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ കുഴൽ കിണർ ഏറ്റെടുത്ത് പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ അതോറിറ്റി തയ്യാറാണ്. പക്ഷേ ഒരു പ്രശ്നമുണ്ട്. വേനൽക്കാലത്ത് ഉപ്പുവെള്ളമായിരിക്കുമോ എന്ന് ഒരു സംശയമുണ്ട്. ഉപ്പുവെള്ളമാണ് വരുന്നതെങ്കിൽ നമുക്ക് അത് കൊടുക്കാനൊക്കുകയില്ല. ഉപ്പുരസമില്ലാത്ത വെള്ളം കിട്ടുമെന്നുണ്ടെങ്കിൽ അത് ഏറ്റെടുക്കാം. പക്ഷേ അതോടുകൂടി ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നാട്ടുകാർ എല്ലാവരുംകൂടി കുഴിപ്പിച്ചതായതുകൊണ്ട് തീർച്ചയായിട്ടും നിങ്ങളുടെ കൂടെ സഹകരണം ഇത് ഏറ്റെടുക്കുന്ന കാര്യത്തിലുണ്ടെങ്കിൽ നല്ലത്. അതോറിറ്റി തന്നെ അത് നിർവ്വഹിക്കാം.

11. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകളുടെ പണി

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : സർ, എന്റെ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡായ പെരുമ്പിലാവ്, പരപ്പ്, കടങ്ങോട് പാറപ്പുറം റോഡ് ടെണ്ടർ കഴിഞ്ഞ് ഒന്നാം കൊല്ലമായി കിടക്കുകയാണ്. ടെണ്ടർ ഉറപ്പിച്ച് കുറച്ച് കല്ലുകൾ അന്ന് കൂട്ടിയതൊഴിച്ചാൽ അവിടെ യാതൊരു പണിയും നടക്കുന്നില്ല. ഈ റോഡ് പഞ്ചായത്ത് റോഡായിരുന്ന കാലത്തുതന്നെ അഞ്ചാറ് ബസ്സുകൾ ഓടുന്ന ഒരു പ്രധാനപ്പെട്ട റോഡായിരുന്നു. ഏറ്റവും ചെറിയ റോഡാണ്. 16 ലക്ഷത്തോളം രൂപയ്ക്ക് ചെലവുവരുന്നുള്ളു. അതുകൊണ്ട് ഏറ്റവും വിഷമകരമായതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബസ്സ് സർവ്വീസുകളും നിറുത്തിയിരിക്കുന്ന ഈ റോഡ് ഉടനടി പണി നടത്തുന്നതിനും അതുമാതിരിതന്നെ രണ്ടാമത്തെ എം. എൽ. എ. റോഡായ പഴഞ്ഞി-പാവുട്ടപ്പുറം റോഡിനു് ആവശ്യമായ സ്ഥലവും പഞ്ചായത്ത് റിസലൂഷനും എല്ലാം നടപടികളും കഴിഞ്ഞു് ഒരു കൊല്ലമായി കിടക്കുന്നു. അതു് ചെറിയ റോഡാണു്. അതിന്റെ അനുവാദവും, ഇതിനു് ഇതുവരെ ടെണ്ടർ വിളിച്ചിട്ടില്ല. ഈ രണ്ടു് റോഡിനേറെയും കാര്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണു്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ടു് എം. എൽ. എ. റോഡുകളും പെരുമ്പിലാവു്, കടങ്ങോടു്, പാറപ്പുറം റോഡു് 1984-ൽ തന്നെ ഗവൺമെന്റു് ഏറെടുക്കാൻ അനുമതി നൽകുകയും, പതിനഞ്ചു ലക്ഷം രൂപയുടെ എസ്റ്റിമേറ്റു് ഉണ്ടാക്കി 1985-ൽ തന്നെ ഭരണാനുമതി നലു്കുകയും ചെയ്തിട്ടുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ ഏലു്പിച്ചു് കഴിഞ്ഞിരിക്കുകയാണു്. ഡ്രെയിനേജു് വരെ ഉണ്ടാക്കാനുള്ള അനുമതി നലു്കി കഴിഞ്ഞിട്ടുണ്ടു്. അതു് കൊടുത്തതിനുശേഷം കരാറുകാരന്റെ പ്രവർത്തനം അലു്പം കാലതാമസം നേരിടുന്ന നിലയിലാണെന്നു് അറിഞ്ഞുകൊണ്ടു് അതിനു് ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടു്. രണ്ടാമത്തെ എം. എൽ. എ. റോഡായ പഴഞ്ഞി-പാവുട്ടപ്പുറം റോഡു് അതു് രണ്ടു് ജില്ലകളിലായിട്ടാണു് കിടക്കുന്നതു് ; അതു് വിവിധ പഞ്ചായത്തുകളിലായിട്ടാണു് കിടക്കുന്നതു്. അതിനു് ആവശ്യമായ സ്ഥലം ഇപ്പോഴും ഏലു്പിച്ചിട്ടില്ല എന്നാണു് അറിയുന്നതു്. അതു് ഏലു്പിച്ചു് കഴിഞ്ഞതിനുശേഷം അതിനു് ആവശ്യമായ നടപടി സ്വീകരിക്കാം.

12. കൊരട്ടി കുഷ്ഠരോഗാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. കെ. ജെ. ജോർജു് : സർ, കൊരട്ടി കുഷ്ഠരോഗാശുപത്രിയെ സംബന്ധിച്ചാണു് ഞാൻ ശ്രദ്ധ ക്ഷണിക്കുന്നതു്. കഴിഞ്ഞ 1985 സെപ്റ്റംബർ മാസത്തിലും ഇതുപോലെ ഒരു ശ്രദ്ധ ക്ഷണിക്കൽ നടത്തുകയുണ്ടായതാണു്. അതിനുശേഷം 14-2-1986-നു് കൊരട്ടി കുഷ്ഠരോഗാശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ ഉദ്ഘാടനം കഴിഞ്ഞതു് അതു് നമ്മുടെ ബഹുമാന്യനായ സ്പീക്കറാണു് ഉദ്ഘാടനം നടത്തിയതു്. പക്ഷേ, ഉദ്ഘാടനം നടത്തിയ ഓപ്പറേഷൻ തിയേറ്ററിൽ ഇതുവരെ ഒരു ഉപകരണംപോലും വാങ്ങി കൊടുത്തിട്ടില്ല എന്നുള്ളതാണു് പരമാർത്ഥം. കഴിഞ്ഞ സബ്മിഷനു് മറുപടി പറഞ്ഞു, രണ്ടു് ലക്ഷം ഉറുപ്പിക അവിടെ കൊടുത്തിട്ടുണ്ടെന്നു്. അതു് ഇതുവരെയും കിട്ടിയിട്ടില്ലെന്നു് ഞാൻ കഴിഞ്ഞ വെള്ളിയാഴ്ച ഇവിടെ പറഞ്ഞതാണു്. ഇപ്പോഴും ആ ഓപ്പറേഷൻ തിയേറ്ററിൽ രോഗികൾക്കു് ഉപയോഗിക്കാനുള്ള യാതൊരു ഉപകരണവും ഇല്ലാതെ കിടക്കുകയാണു്. ഇതിനു് എന്തെങ്കിലും ഒരു നല്ല കാര്യം ചെയ്തു എന്നു് സന്തോഷിക്കാനെങ്കിലും വക നൽകാൻ ഈ മുഖ്യമന്ത്രി ഇടപെട്ടു് ആ കാര്യങ്ങളും ചെയ്യണം. ഉദ്ഘാടനം കഴിഞ്ഞിട്ടു് 9 മാസം കഴിഞ്ഞു. അല്ലെങ്കിൽപിന്നെ ഈ ഉദ്ഘാടനം കഴിഞ്ഞിട്ടു് ഒരാഴ്ചക്കുള്ളിൽ സാധനങ്ങളെല്ലാം അവിടെ എത്തിക്കാമെന്നു് പറഞ്ഞുകൊണ്ടു് ആ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരെല്ലാവരുംകൂടി പോയതാണു്. ഞാൻ ഈ സബ്മിഷൻ ഇവിടെ തരാനുണ്ടായ കാരണം കഴിഞ്ഞ വെള്ളിയാഴ്ച എനിക്കു് ഒരു ലെറ്റർ കിട്ടി. ആ കത്തിന്റെയടിസ്ഥാനത്തിലാണു് ഞാൻ ഇതു് പറഞ്ഞതു്. അതിൽ സ്പീക്കറെ സംബന്ധിച്ചും എന്നെപ്പറ്റിയും ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥൻമാർ അവിടെ ചെന്നു് നോക്കിയതിനെപ്പറ്റിയുമൊക്കെ പറയുന്നുണ്ടു്. പക്ഷേ അവരുടെ കാര്യങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly